# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | V.SUDHEER KUMAR |
| | 9447083300 | 9447303578 | 7012655030 |


No. KEEC/GL/2023/22

തിരുവനന്തപുരം
03.04.2023

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം :- KSEBL നടത്തുന്ന ഗവൺമെന്റിന്റെ വാർഷികാഘോഷം പരിപാടികളിൽ നിന്നും സംഘടന വിട്ടുനിൽക്കുന്നത് സംബന്ധിച്ച്.**

സംസ്ഥാനത്തെ പ്രധാന പൊതുമേഖല സ്ഥാപനമായ KSEBL ജനങ്ങളുമായി ഏറ്റവും ബന്ധപ്പെട്ടതും 24 മണിക്കൂറും പ്രവർത്തിക്കുന്നതുമാണ്. ജീവക്കാരെ ദ്രോഹിക്കുന്ന നടപടികളുമായി ഗവൺമെന്റും ബോർഡും പോകുന്ന സാഹചര്യത്തിൽ ഗവൺമെന്റിന്റെ വാർഷിക ആഘോഷത്തോട് അനുസരിച്ച് KSEB നടത്തുന്ന പരിപാടികളിൽ (Exhibition ഉൾപ്പടെയുള്ളവ) നിന്നും ഞങ്ങൾ വിട്ടുനിൽക്കുമെന്ന് ഇതിനാൽ അറിയിക്കുന്നു. അദാലത്ത് പോലുള്ള ജനങ്ങളുമായി ബന്ധപ്പെട്ട ജോലിയുടെ ഭാഗങ്ങളിൽ മാത്രമേ ഞങ്ങൾ സഹകരിക്കൂ.

താഴെ പറയുന്ന കാരണങ്ങൾക്ക് ഉടൻ പരിഹാരം കാണാത്തപക്ഷം ശക്തമായ സമരപരിപാടിയിലേക്ക് നീങ്ങുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

1. 2015 ലെ ദീർഘകാല കരാർ പ്രകാരം ഇവിടുത്തെ ജീവനക്കാർക്ക് DA Consumer Price Index പ്രഖ്യാപിച്ചാൽ ഉടൻ നൽകേണ്ടതാണ്. ഇത് ID ആക്ടിനും കരാറിനും വിരുദ്ധമാണ്. കുടിശ്ശിഖ DA ഉടൻ നൽകി തൊഴിൽ സമാധാന അന്തരീക്ഷം നിലനിർത്തണമെന്ന് അറിയിക്കുന്നു.

2. 30321 ജീവനക്കാർ ആകാമെന്ന് KSERC പറഞ്ഞിരിക്കുന്നു. ഇപ്പോൾ 29000 നടുത്ത് മാത്രം ജീവനക്കാർ ജോലി ചെയ്യുന്നു. അവധിപോലും എടുക്കാതെ ജോലി ചെയ്യുന്ന ജീവനക്കാരുടെ ലീവ് സറണ്ടർ നൽകിയിട്ടില്ല അത് ഉടൻ നല്കണം.

3. ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ തടഞ്ഞുവച്ചിട്ട് ലൈൻമാൻ തസ്തികയിലേക്ക് പുറത്തുനിന്നും അനധികൃതമായി CEA റെഗുലേഷന് വിരുദ്ധമായി നിയമനം നടത്തുന്നു. ഇത്

നിയമവിരുദ്ധമാണ്. CEA റെഗുലേഷൻ ഡ്രാഫ്റ്റ് 2022 പ്രകാരവും ബഹു.സുപ്രീം കോടതി വിധി പ്രകാരവും നിലവിലുള്ള സ്ഥിരം ജീവനക്കാരെ മാത്രമേ സംരക്ഷിച്ചിട്ടുള്ളു. ആയതിനാൽ ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ ഉടൻ നടത്തി പ്രശ്നം പരിഹരിക്കണം. PSC ലിസ്റ്റിലുള്ള കോൺട്രാക്ട് വർക്കേഴ്സിൽ നിന്നും നിയമനം നടത്തണം. ബഹു.സുപ്രീം കോടതിയിലുള്ള കോടതിയലക്ഷ്യ കേസിൽ കോടതിയിൽ സമർപ്പിച്ച ആദ്യ മറുപടിയിൽ CEA റെഗുലേഷൻ ഡ്രാഫ്റ്റ് 2022 ലെ ജീവനക്കാർക്ക് അനുകൂലമായ ഭാഗം നൽകിയില്ലായെന്നത് പ്രതിഷേധാർഹമാണ്. ഇത് പ്രമോഷൻ മനഃപൂർവ്വം താമസിപ്പിക്കുവാനും പുറത്തുനിന്നുള്ളവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാനുമാണെന്നതാണ് വസ്തുത.

4. മീറ്റർ റീഡിംഗ് റവന്യുവിന്റെ ഏറ്റവും പ്രധാനമായിട്ടും അവിടെ സ്ഥിരം ജീവനക്കാരെ നിയമിക്കാതെ നടപ്പാകാൻ സാധ്യതയില്ലാത്ത സ്മാർട്ട് മീറ്ററിന്റെ പേരിൽ നിയമനം തടഞ്ഞത് പ്രതിഷേധാർഹമാണ്, ദുരൂഹമാണ്. നിലവിലുള്ള PDA ക്ക് **complaint** ഉണ്ടായിട്ടും അതിന് പരിഹാരം കാണാൻ ശ്രമിക്കുന്നില്ല എന്നത് പ്രതിഷേധാർഹമാണ്.

5. ഡ്യൂട്ടിക്ക് വരുന്നതും, തിരിച്ച് പോകുന്നതും ഫാക്ടറീസ് ആക്ട് അനുസരിച്ച് ഡ്യൂട്ടിയാണ്. ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ വരുന്ന ജീവനക്കാർക്ക് അത് അവകാശമാണ് (മറ്റുള്ളവർക്കില്ലെങ്കിൽ പോലും). ഇപ്പോൾ സർക്കാർ ജീവനക്കാർക്ക് വരെ അത് ഗവൺമെന്റ് ഉത്തരവായി. എന്നിട്ടും ഞങ്ങൾ പല കത്തുകൾ നൽകിയിട്ടും തീരുമാനമെടുത്തില്ലായെന്നത് പ്രതിഷേധാർഹമാണ്. അത് KSEBL ഉടൻ ഇത്തരവാക്കേണ്ടതാണ്.

6. KSEBL നെ വൻ സാമ്പത്തിക കടക്കെണിയിലാക്കിയത് അന്വേഷിക്കണം - ധവളപത്രം പുറത്തിക്കണം.

7. ഡയറക്ടറിനെ പേലും നേരാംവണ്ണം നിയമിക്കാൻ പറ്റുന്നില്ലായെന്നതിനാൽ വളരെ വ്യക്തമാണ് ഇവിടെ എല്ലാം കുത്തഴഞ്ഞിരിക്കുന്നു എന്ന വസ്തുത പവർ സെക്രട്ടറി തന്നെ പറയുന്നു ബോർഡിന് കാര്യക്ഷമതയില്ലെന്ന്.

8. CEA റെഗുലേഷൻ ഡ്രാഫ്റ്റ് 2022 മേൽ KSEBL കൃത്യസമയത്ത് മറുപടി നൽകാതിരുന്നത് പ്രതിഷേധാർഹമാണ്. അതിന്റെ ഭവിഷ്യത്തുകൾക്ക് KSEBL മാനേജ്മെന്റ് ഉത്തരവാദികളാണ്. 2010 ൽ ജീവനക്കാർക്ക് CEA റെഗുലേഷൻ പ്രതികൂലമായി വരുവാനുള്ള കാരണവും അന്നത്തെ മാനേജ്മെന്റിന്റെ ഉദാസീനതയാണ്. ഉദാസീനത മൂലം കേസിനുവേണ്ടി ലക്ഷങ്ങൾ ചിലവാക്കേണ്ടി വന്നുവെന്നതും വാസ്തവമല്ലേ.

9. KSEBL ന്റെ വരുമാനം മുഴുവൻ മീറ്റർ റീഡേഴ്സ് എടുക്കുന്ന മീറ്റർ റീഡിംഗിലൂടെയാണ്. അതിന് അപാകത വന്നാൽ സിസ്റ്റം തകരും, റവന്യൂ തകരും. ഉത്തരവാദിത്വത്തിൽ നിന്നും ഒളിച്ചോടാൻ ആർക്കും സാധിക്കില്ല. 6 വർഷം മുമ്പ് PDA machine വാങ്ങുമ്പോൾ വ്യക്തമായ കരാർ വയ്ക്കാതിരുന്നതാണ് എല്ലാത്തിന്റെയും കാരണം. ഇനിയും പഴയത് മുഴുവൻ വേണ്ടാ യെന്ന് വച്ച് പുതിയ ആൻഡ്രോയിഡ് സിസ്റ്റം ഉള്ളത് വാങ്ങുകയാണെങ്കിൽ ഒരു സെക്ഷനിൽ 10 എണ്ണം മാക്സിമം വച്ച് 777 സെക്ഷനിലേക്ക് 777x10=7770 എണ്ണം വേണം. ഒന്നിന് 15000 രൂപ വച്ച് 7770x15000=11.65 കോടി രൂപ മാത്രം. അത് 5 വർഷം ഓടുമല്ലോ. പുരപ്പുറ സോളാർ നെറ്റ് മീറ്ററിംഗിന്റെ പേരിൽ പ്രതിമാസം 40 കോടി രൂപ നഷ്ടപ്പെടുത്തുന്ന ബോർഡിന്, CMDRF ലേക്ക് വെറുതെ നിയമപരമല്ലാതെ 10 കോടി നൽകിയ ബോർഡിന്, വിവിധ ആശുപത്രികൾ പണിയാൻ 35 കോടി നൽകിയ ബോർഡിന് വാർഷികഘോഷത്തിന് ധൂർത്ത് നടത്തുന്ന ബോർഡ് 11.65 കോടി PDA ക്ക് വേണ്ടി മുടക്കാൻ ഇല്ലായെന്ന് പറയുന്നത് മനസ്സിലാകുന്നില്ല. എന്തിനാണ് ബാങ്കുകളുടെ പുറകെ PDA സൗജന്യത്തിനുവേണ്ടി നടക്കുന്നത്. നമ്മൾ

വിൽക്കുന്ന സാധനം അളക്കാൻ തുക ചിലവാക്കണ്ടേ, റവന്യൂ തകർക്കരുതെന്ന് എളിയ അപേക്ഷയുണ്ട്.

10. പെൻഷൻ ട്രസ്റ്റിന് നൽകാനുള്ള 25000 കോടി ഇതുവരെയും നൽകിയിട്ടില്ല. മേൽ പറഞ്ഞ കാര്യങ്ങൾക്കൊന്നും അനുകൂല നിലപാട് എടുക്കാത്ത KSEBL സാമ്പത്തിക ബാധ്യത വരുത്തി ധൂർത്തും ആഘോഷവും നടത്തുന്നതിനെ സംഘടനയ്ക്ക് അംഗീകരിക്കാനാകില്ല. മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ട് KSEBL നടത്തുന്ന ഗവൺമെന്റിന്റെ വാർഷിക പരിപാടികളിൽ നിന്നും സംഘടന വിട്ടുനിൽക്കുന്നതാണെന്ന് അറിയിക്കുന്നു. നിയമപരമായ നടപടികളിലേക്ക് നീങ്ങുന്ന സാഹചര്യം ഉണ്ടാക്കരുതെന്നും ഉടൻ അനുകൂല സാഹചര്യം ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

കെ.പി ധനപാലൻ Ex.M.P
പ്രസിഡന്റ്